(എ) പുതുതായി ഗവൺമെന്റ് സ്കൂളുകൾ ആരംഭിക്കുന്നതിനോ അപ്ഗ്രേഡ് ചെയ്യുന്നതിനോ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും അപേക്ഷ ക്ഷണിക്കുകയും ചെയ്യേണ്ടതുണ്ടോ;

(ബി) 140 പ്ലസ്ടു കോഴ്സുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് എടുത്ത തീരുമാനം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഈ കോഴ്സുകളിൽ എത്രയെണ്ണം ഗവൺമെന്റ് ആഭിമുഖ്യത്തിൽ തുടങ്ങാനാണ് ഉദ്ദേശിച്ചത്;

(ഡി) ഗവൺമെന്റ് ആഭിമുഖ്യത്തിൽ തുടങ്ങുവാൻ ഉദ്ദേശിച്ച കോഴ്സുകളെങ്കിലും ആരംഭിക്കാൻ നടപടിയെടുക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ചെയ്യേണ്ടതുണ്ട്.

(ബി, സി) ഇല്ല. 120 ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ്ടു തുടങ്ങുന്നതിനാണ് തീരുമാനിച്ചത്. പുതിയ പ്ലസ്ടു കോഴ്സുകൾ ആരംഭിക്കുന്നതിന് എതിരെ ഹൈക്കോടതി ഡിവിഷൻ ബഞ്ച് സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചതുകൊണ്ട് ഈ തീരുമാനം നടപ്പാക്കാൻ കഴിഞ്ഞില്ല.

(ഡി) പുതിയ പ്ലസ്ടു കോഴ്സുകൾ ആരംഭിക്കുന്നതിന് എതിരെ ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് പിൻവലിക്കാതെ ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാദ്ധ്യമല്ല.

പത്താം ക്ലാസ്സിലെ പൊതു പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം

*4 [124] ശ്രീ. മത്തായി ചാക്കോ:
„ എം. വി. ജയരാജൻ:
„ കെ. പി. സതീശ്ചന്ദ്രൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ്സിലെ പൊതു പരീക്ഷയ്ക്ക് ഗ്രേഡിംഗ് രീതി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഗ്രേഡിംഗ് രീതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഏതു വർഷം മുതലാണ് ഗ്രേഡിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനാവശ്യമായ അദ്ധ്യാപക പരിശീലന പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) ഗ്രേഡിംഗ് രീതി വിജയകരമാക്കുന്നതിന് ആവശ്യമായ ജനകീയ ബോധവൽക്കരണം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പത്താം തരത്തിലെ മൂല്യനിർണ്ണയം മൂന്ന് പാർട്ടുകളായാണ് നടത്തുന്നത്.

പാർട്ട് I വൈജ്ഞാനിക മേഖലയിലെ വിലയിരുത്തൽ

പാർട്ട് II സഹവൈജ്ഞാനിക മേഖലയിലെ വിലയിരുത്തൽ

പാർട്ട് III പഠിതാവിന്റെ വ്യക്തിത്വ വികസനവും സാമൂഹ്യപരവുമായ മേഖലയിലെ വിലയിരുത്തൽ.

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 2005 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി. പരീക്ഷ മുതൽ.

(ഡി) ഇതിനാവശ്യമായ അദ്ധ്യാപക പരിശീലന പരിപാടി സമയബന്ധിതമായി നടത്തുന്നതാണ്.

(ഇ) ഉണ്ട്. രക്ഷാകർത്താക്കൾക്കായുള്ള ബോധവൽക്കരണ പരിപാടികളും ത്രിതല പഞ്ചായത്ത് അധികാരികൾക്കുള്ള ബോധവൽക്കരണ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

സർവ്വകലാശാലകളിലെ കോഴ്സ് ലാഗിംഗ്

*5 [125] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
" ഇ. എം. അഗസ്തി:
" ലൂഡി ലൂയിസ്:
" പ്രയാർ ഗോപാലകൃഷ്ണൻ:
" എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകളിൽ എന്തെല്ലാം കോഴ്സുകൾക്ക് സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇതിൽ ഏതെല്ലാം സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകൾക്ക് കോഴ്സ് ലാഗിംഗ് ഉണ്ടായിട്ടുണ്ട്;

(സി) ഈ ലാഗിംഗ് വിദ്യാർത്ഥികളെ ഏതു വിധമാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കോഴ്സ് ലാഗിംഗ് അവസാനിപ്പിച്ച് കോഴ്സുകൾ ക്രമവൽക്കരിക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.††

(ബി) കേരള സർവ്വകലാശാലയുടെ ചില കോഴ്സുകൾക്കും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ബി.ടെക്. കോഴ്സുകൾക്കും, കോഴിക്കോട് സർവ്വകലാശാലയുടെ പി.ജി. കോഴ്സുകൾക്കും എം.ജി. സർവ്വകലാശാലയുടെ മിക്ക കോഴ്സുകൾക്കും ലാഗിംഗ് ഉള്ളതായി ബന്ധപ്പെട്ട സർവ്വകലാശാല രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ട്.

† അനുബന്ധം I

†† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[27-1-2004-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *4 (124)-ന്റെ ഉത്തരം ദയവായി കാണുക.]

പാർട്ട് I.—പാർട്ട് I-ൽ നിലവിലുള്ള 12 പേപ്പറുകൾക്ക് പുറമേ ഇൻഫർമേഷൻ ടെക്നോളജി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.റ്റി. ഒഴിച്ചുള്ള ഓരോ പേപ്പറിനും ഇന്റേണൽ അസസ്മെന്റിന് 20 മാർക്ക് വീതവും എഴുത്തുപരീക്ഷയ്ക്ക് 50 മാർക്ക് വീതവും നൽകുന്നതാണ്. ഐ.റ്റി. -ക്ക് ഇന്റേണൽ അസസ്മെന്റിന് 10 മാർക്കും എഴുത്തുപരീക്ഷയ്ക്ക് 50 മാർക്കും നൽകുന്നതാണ്. ഇതിനായി 9 പോയിന്റ് സ്കെയിലിലുള്ള അബ്സൊല്യൂട്ട് ഗ്രേഡിംഗ് ആണ് നടപ്പിലാക്കുന്നത്.

സ്കെയിലിന്റെ മാതൃക താഴെ ചേർക്കുന്നു:

(1)	90-നു മുകളിൽ	എ+	വാല്യു പോയിന്റ്	9
(2)	80 മുതൽ 89 വരെ	എ	,,	8
(3)	70 മുതൽ 79 വരെ	ബി+	,,	7
(4)	60 മുതൽ 69 വരെ	ബി	,,	6
(5)	50 മുതൽ 59 വരെ	സി+	,,	5
(6)	40 മുതൽ 49 വരെ	സി	,,	4
(7)	30 മുതൽ 39 വരെ	ഡി+	,,	3
(8)	20 മുതൽ 29 വരെ	ഡി	,,	2
(9)	20-നു താഴെ	ഇ	,,	1

പാർട്ട് II.—പാർട്ട് II-ൽ 5 പോയിന്റ് അബ്സൊല്യൂട്ട് ഗ്രേഡിംഗ് ആണ് നടപ്പിലാക്കുന്നത്. പഠിതാവിന് പ്രവൃത്തി പരിചയം, കലാപഠനം, ആരോഗ്യത്തിലും കായിക തലത്തിലുമുള്ള വിദ്യാഭ്യാസ മികവ് എന്നിവ വിലയിരുത്തി ഓരോന്നിനും പരമാവധി 20 മാർക്ക് വീതം ആകെ 60 മാർക്ക് നൽകുന്നതാണ്.

പാർട്ട് III.—പാർട്ട് III-ൽ വ്യക്തിത്വ സവിശേഷതകളെ അടിസ്ഥാനമാക്കി 5 പോയിന്റ് ഡയറക്ട് ഗ്രേഡിംഗ് സമ്പ്രദായം ആണ് നടപ്പിലാക്കുന്നത്. ഇതിൽ കുട്ടിയുടെ ആശയവിനിമയനൈപുണി, സംഘപ്രവർത്തനത്തിലുള്ള മികവ്, നേതൃത്വഗുണം, കൃത്യനിഷ്ഠ, സ്കൂൾ ക്ലബ് പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തുന്നതാണ്.

LIBRARY, ARCHIVES Kerala Legislative Assembly